"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- തിരുവല്ല നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വിനിൽ.വി-യ്ക്ക് പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2374/2024/LSGD തീയതി,തിരുവനന്തപുരം, 05-12-2024

---

പരാമർശം:- 1. ശ്രീ. വിനിൽ.വി സമർപ്പിച്ച 09.08.2024 തീയതിയിലെ അവധി അപേക്ഷ.

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽഡയറക്ടറുടെ 21.10.2024 തീയതിയിലെ LSGD/PD/31726/2024-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവല്ല നഗരസഭയിൽ 05.10.2023 തീയതിയിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.വിനിൽ.വി., കന്യാകുമാരി ജില്ലയിലെ ഉദയാ സ്കൂൾ ഓഫ് എഞ്ചിനീയറിംഗിൽ M.E/M.Tech - Biomedical Engineering പഠനം നടത്തുന്നതിനായി 24.09.2024 മുതൽ 23.09.2026 വരെ രണ്ട് വർഷക്കാലയളവിലേക്ക് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിക്കുന്നതിലേയ്ക്കായി കോഴ്സ് വിവരങ്ങൾ സഹിതം അപേക്ഷ സമർപ്പിച്ചതനുസരിച്ച് പ്രസ്തുത അവധി അനുവദിക്കുന്നതിനായി പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവല്ല നഗരസഭയിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വിനിൽ.വി-യ്ക്ക്, കന്യാകുമാരി ജില്ലയിലെ ഉദയാ സ്കൂൾ ഓഫ് എഞ്ചിനീയറിംഗിൽ M.E/M.Tech - Biomedical Engineering പഠനം നടത്തുന്നതിനായി, 24.09.2024 മുതൽ 23.09.2026 വരെ കെ.എസ്.ആർ. ഭാഗം 1 അനുബന്ധം XII ബി- യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ. വിനിൽ.വി., എൽ.ഡി.ക്ളർക്ക്/ബിൽ കളക്ടർ, തിരുവല്ല നഗരസഭ
(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, തിരുവല്ല നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 05-12-2024 15:57:33

സെക്ഷൻ ഓഫീസർ